## ജില്ലാ ആസൂത്രണ സമിതി, കൊല്ലം

# പതിനൊന്നാം പഞ്ചവത്സര പദ്ധതി
# 2007–2012
# അഞ്ചാം വർഷത്തെ (2011–2012)
# പദ്ധതി രൂപീകരണത്തിനുള്ള
# സമീപന രേഖ



ജില്ലാ ആസൂത്രണ സമിതി കൊല്ലം, ജില്ലാ പഞ്ചായത്ത് കൊല്ലം, നഗര ഗ്രാമാസൂത്രണ വകുപ്പ്

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംയോജിത ജില്ലാ വികസന രൂപ രേഖയും (ഐ.ഡി.ഡി.പി), പ്രാദേശിക വികസന രൂപരേഖയും (എൽ.ഡി.പി) - തയ്യാറാക്കൽ പദ്ധതി - കൊല്ലം ജില്ല സംയോജിത വികസന രൂപ രേഖ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ. (സാധ) നം. 2577/2010/തസ്വഭവ തീയതി, തിരുവനന്തപുരം, 4-8-2010

പരാമർശം:- 1) ജി.ഒ (എം.എസ്) 62/03/പ്ലാനിംഗ് തീയതി, 1-8-2003

2) കൊല്ലം ജില്ലാ ആസൂത്രണ സമിതി ചെയർമാന്റെ 30-3-2010 ലെ സിഎ/എൽ.ഡി.പി-ഐ.ഡി.ഡി.പി/19-09 നമ്പർ കത്ത്.

**ഉത്തരവ്**

ഇന്ത്യൻ ഭരണഘടനയുടെ 74-ാമത് ഭേദഗതി പ്രകാരം ജില്ലയിലെ പഞ്ചായത്തുകളുടെയും നഗര സഭകളുടെയും പദ്ധതി ക്രോഡീകരിക്കുന്നതിനും ജില്ലയ്ക്കാകമാനം ഒരു കരട് വികസന രൂപരേഖ തയ്യാറാക്കുന്നതിനും വേണ്ടി ഓരോ സംസ്ഥാനവും ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കണമെന്നും, അപ്രകാരം വികസന രൂപരേഖ തയ്യാറാക്കുമ്പോൾ സ്ഥലപരാസൂത്രണം, ജലം പോലെയുള്ള പ്രകൃതി വിഭവങ്ങൾ പങ്കുവയ്ക്കൽ, പശ്ചാത്തല സൗകര്യങ്ങളുടെ സംയോജിത വികസനം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെയുള്ള പൊതുതാൽപര്യമുള്ള വിഷയങ്ങൾക്ക് ഊന്നൽ കൊടുക്കണമെന്ന്, അനുശാസിക്കുന്നുണ്ടെന്നും, ഇത്തരത്തിലുള്ള കൊല്ലം ജില്ലയുടെ സംയോജിത ജില്ലാ വികസന രൂപരേഖ, കൊല്ലം ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കി, ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് സമർപ്പിച്ചതിന് സർക്കാരിന്റെ അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സൂചന 2 പ്രകാരം കൊല്ലം ജില്ലാ ആസൂത്രണ സമിതി ചെയർമാൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച, കൊല്ലം ജില്ലാ സംയോജിത വികസന രൂപരേഖയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എം. ഉണ്ണികൃഷ്ണൻ
അഡീഷണൽ സെക്രട്ടറി

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചെയർമാൻ, ജില്ലാ ആസൂത്രണ സമിതി, കൊല്ലം.
പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ

DPC Minutes.jpg (1618x1876x16M jpeg)

**10.02.2011 ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ കൂടിയ ജില്ലാ ആസൂത്രണ സമിതി യോഗ തീരുമാനം (സംയോജിത ജില്ലാ വികസന രൂപരേഖയെ സംബന്ധിച്ചത്)**

യോഗം ജില്ലാ ആസൂത്രണ സമിതിയുടെ ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കിയ സംയോജിത ജില്ലാ വികസന രൂപരേഖയുടെ വികസന കാഴ്ചപ്പാടും വികസന നിർദ്ദേശങ്ങളും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ജില്ലാ ടൗൺ പ്ലാനർ തയ്യാറാക്കിയ വികസന സമീപനരേഖ അംഗീകരിക്കാനും ആയത് വിതരണം ചെയ്യാനും തീരുമാനിച്ചു.

ജില്ലയിലെ ഓരോ തദ്ദേശഭരണ സ്ഥാപനവും പദ്ധതി രൂപീകരിക്കുമ്പോൾ ആയത് സംയോജിത ജില്ലാ വികസന രൂപരേഖയുടെ കാഴ്ചപ്പാടിന് അനുസൃതമായിരിക്കണമെന്നും 2011-12 പദ്ധതിവിഹിതത്തിലെ 50% തുകയെങ്കിലും സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരമുള്ള വികസന നിർദ്ദേശങ്ങൾക്ക് വിനിയോഗിക്കണമെന്ന് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു.

സെക്രട്ടറി & ജില്ലാ കളക്ടർ
കൊല്ലം

ചെയർമാൻ
ജില്ലാ ആസൂത്രണ സമിതി
കൊല്ലം

ഉള്ളടക്കം